# സമഗ്ര ഗുണമേൻമവിദ്യാഭ്യാസ പദ്ധതി
# അക്കാദമിക മാസ്റ്റർ പ്ലാൻ



## ഗവ.വി.എച്ച്.എസ്.എസ്.മാതിരപ്പിള്ളി
## 2025-26

# ഉള്ളടക്കം


| വിഷയം | ക്ലാസ്സ് | പേജ്. നമ്പർ |
|---|---|---|
| മലയാളം | I | 7 |
| ഗണിതം | I | 9 |
| ഇംഗ്ലീഷ് | I&2 | 10 |
| മലയാളം | II | 12 |
| ഗണിതം | II | 13 |
| പരിസര പഠനം | II | 14 |
| മലയാളം | III | 16 |
| ഇംഗ്ലീഷ് | III | 17 |
| ഗണിതം | III | 20 |
| പരിസര പഠനം | III | 21 |
| മലയാളം | IV | 24 |
| ഇംഗ്ലീഷ് | IV | 25 |
| ഗണിതം | IV | 27 |
| പരിസര പഠനം | IV | 28 |
| സോഷ്യൽ സയൻസ് | യു പി | 30 |
| സയൻസ് | യു പി | 32 |
| മലയാളം | യു പി | 36 |
| ഇംഗ്ലീഷ് | യു പി | 37 |
| ഗണിതം | യു പി | 38 |
| ഇംഗ്ലീഷ് | എച് എസ് | 38 |
| സോഷ്യൽ സയൻസ് | എച് എസ് | 39 |
| മലയാളം | എച് എസ് | 41 |
| ഹിന്ദി | എച് എസ് | 42 |
| സയൻസ് | എച് എസ് | 43 |
| ഗണിതം | എച് എസ് | 45 |

# ആമുഖം

1912 ൽ ഒരു പ്രൈമറി സ്ക്കൂളായി പ്രവര്ത്തനം ആരംഭിച്ച മാതിരപ്പിള്ളി ഗവ. വൊക്കേഷണൽ ഹയർ സെക്കൻററി സ്ക്കൂൾ ഇന്ന് കോതമംഗലം താലൂക്കിലെ തന്നെ ഏറ്റവും മികച്ച വൊക്കേഷണൽ ഹയർ സെക്കൻററി സ്ക്കൂളായി വളർന്നിരിക്കുന്നു. മഹാകവി ജി.ശങ്കരക്കുറുപ്പ്, പ്രൊഫ.കെ.വി.രാമകൃഷ്ണൻ, പ്രൊഫ .കെ.എം.തരകൻ,ടി.എം.ജേക്കബ്ബ്,പ്രൊഫ.പി.കെ.ബി.നായർ,പ്രൊഫ.കെ.പി.എസ്.ക ർത്താവ് തുടങ്ങിയ മഹത് വ്യക്തികളുടെ സാന്നിദ്ധ്യം കൊണ്ട് ധന്യ മായ മാതിരപ്പിള്ളിയുടെ മഹത്വം പുറംദേശങ്ങളിലേക്കുകൂടി വ്യാപിപ്പിക്കാൻ സ്തുത്യർഹമായ സേവനം നൽകിയ സരസ്വതീ ക്ഷേത്രമാണ് മാതിരപ്പിള്ളി ഗവ.വി.എച്ച്.എസ് സ്ക്കൂൾ. നീണ്ട 56 വർഷങ്ങൾ പിന്നിട്ടപ്പോൾ അന്നത്തെ കോതമംഗലം എം.എൽ.എ ആയിരുന്ന ശ്രീ. റ്റി.എം.മീതിയൻ പ്രത്യേ ക താല്പര്യം എടുത്ത് സ്ക്കൂളിനെ ഒരു യു.പി.സ്ക്കുളായി ഉയർത്താൻ ഗവണ്മെന്റിൽ നിന്നും അനുവാദം വാങ്ങിക്കൊടുക്കുകയുണ്ടായി.1980 ൽ ശ്രീ. റ്റി.എം.മീതിയന്റേയും കോതമംഗലം എം.എൽ.എ ആയിരുന്ന ശ്രീ.ടി.എം.ജേക്കബ്ബിന്റേയും ശ്രമഫലമായി ഹൈസ്ക്കൂളായി ഉയർന്നു.

ഹെഡ്മിസ്ട്രസ്

മേരി ജാൻസി കെ. എം

# ലക്ഷ്യങ്ങൾ

1. ഓരോ ക്ലാസിലും ബന്ധപ്പെട്ട് ഓരോ വിഷയങ്ങളുമായി മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായി എന്ന് ഉറപ്പാക്കുക.
2. ഓരോ കുട്ടിയുടേയും കഴിവുകൾ കണ്ടെത്തി പ്രോൽസാഹിപ്പിക്കുക.
3. ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ച്ചവയ്ക്കുക.
4. ഐ.സി.ടി അധിഷ്ഠിത പഠനത്തിനാവശ്യമായ  സൗകര്യങ്ങൾ ഒരുക്കുക.
5. പാഠ്യ–പാഠ്യേതര പ്രവർത്തനങ്ങൾക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഉറപ്പാക്കുക.
6. ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കുക.
7. പഠനപിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ പഠനതന്ത്രങ്ങൾ ആവിഷ്ക്കരിക്കുക.
8. വിദ്യാലയം തന്നെ പാഠപുസ്തകം എന്ന നിലയിലേക്ക് വിദ്യാലയത്തിന്റെ ഭൗതികാന്തരീക്ഷം മാറ്റുക.
9. മുഴുവൻ കുട്ടികൾക്കും ശാസ്ത്രപഠനത്തിലെ എല്ലാ നൈപുണികളും നേടുവാൻ വിധം ലാബുകൾ സജ്ജമാക്കുക.
10. ലഘു– പഠനയാത്രകൾ, പഠന ക്യാമ്പുകൾ, ശില്പ ശാലകൾ, സെമിനാറുകൾ, പോജക്ട്ടുകൾ എന്നീ പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
11. കൃഷിയോടുള്ള താത്പര്യം വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന പ്രവർത്തനങ്ങളിൽ കുട്ടികളും അധ്യാപകരും പങ്കാളികളാവുക.
12. ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക. ബോധവൽക്കരണ ക്ലാസുകൻ സംഘടിപ്പിക്കുക.
13. പ്ലാസ്റ്റിക് മുക്തവിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.
14. ജൈവവൈവിധ്യഉദ്യാനം, ഔഷധഉദ്യാനം എന്നിവ സംരക്ഷിക്കുക,  കൂടുതൽ മെച്ചപ്പെടുത്തുക.
15. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരമൊരുക്കുക.
16. കുട്ടികൾക്കായി ഗൈഡൻസ്, കൗൺസിലിംഗ് എന്നിവ ഒരുക്കുക.
17. കുട്ടിയെ അറിയുക എന്നതിന്റെ ഭാഗമായി ഭവന സന്ദർശനങ്ങൾ നടത്തുക.
18. സമൂഹവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളിലേർപ്പെടുക.
19. ഉച്ച ഭക്ഷണം കൂടുതൽ വൈവിധ്യവും ജനകീയവുമാക്കുക.
20. ടാലന്റ് ലാബ് എന്ന ആശയം നടപ്പിലാക്കുക.

# അധ്യാപകരും - വിവരങ്ങളും

| അധ്യാപകന്റെ പേര് | വിഷയം | ക്ലബ്ബ് ചുമതല |
|---|---|---|
| Mary Jancy K M | H M | |
| Nisha M G | English | English Club, SRG |
| Riyas Muhammed | Malayalam | വിദ്യാരംഗം |
| Nejilamol P A | I T, Hindi | IT Club , Hindi Club |
| Shahina B | Maths | IT Club ഗണിത ക്ലബ് |
| Sulekha Pollepparambil | Social Science | SSSS , Social Science Club |
| Neethu M T | Science | ശാസ്ത്ര ക്ലബ് |
| Remya Krishnan | Science | ശാസ്ത്ര ക്ലബ് |
| Shahana Mol P H | Malayalam | വിദ്യാരംഗം |
| Fousiya P A | English,Maths | English Club |
| Bindu P R | Class I | |
| Emy Kurian | Class II | Maths Club |
| Bushara | Class III | Health |
| Reeja | Class IV | Jagratha |

# നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| ക്ലാസ്സ് മുറി | 12 | 2 |
| ആൺകുട്ടികളുടെ ടോയലറ്റ് | 2 | 2 |
| പെൺകുട്ടികളുടെ ടോയ് ലറ്റ് | 6 | - |
| കിണർ | 1 | - |
| ചുറ്റുമതിൽ | ഭാഗികം | - |
| അടുക്കള | 1 | - |
| റീഡിംഗ് റൂം | - | 1 |
| ലാപ് ടോപ്പ് | 22 | 10 |

## മലയാളം

### ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എടുത്ത വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല സംയുക്ത ഡയറി സചിത്ര പുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടത് ആയിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്.

### ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാവുക.
- എല്ലാ കുട്ടികളുടെയും ലളിതമായ സാഹിത്യ കഥകൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ അവ നവമാധ്യമങ്ങളിൽ പങ്കിടൽ.
- ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
- കുട്ടികളിൽ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനുള്ള ലഘു രചന ശില്പശാലകൾ നടത്തുന്നു.

### പ്രവർത്തനങ്ങൾ

- സചിത്ര നോട്ട്ബുക്ക്, സചിത്ര ആസൂത്രണം അക്കാദമിക എന്നിവ തയ്യാറാക്കൽ.
- സചിത്ര ഡയറി, സംയുക്ത ഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.
- അക്കാദമിക മാസ്റ്റർ പ്ലാൻ അവതരണം.
- ചിത്ര കാർഡുകൾ വായനാ കാർഡുകൾ നിർമ്മാണ ശില്പശാല.
- താളാത്മകമായി ചെറുകവിതകൾ ചൊല്ലൽ.
- സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ.
- കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ.
- വായന മൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ

- രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതൽ.
- പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാനും അവസരം ഒരുക്കുന്നു.
- ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
- അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
- ചിത്രവായനയ്ക്ക് അവസരം ഒരുക്കുന്നു, വാചകമായി പറയാനും അവസരം നൽകുന്നു.
- റിസോഴ്സ് തിയേറ്റർ നിർമ്മാണം, ശില്പശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ.
- ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.
- സംയുക്ത ഡയറി എഴുത്ത് തുടരുന്നു.
- പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
- വായനോത്സവം സംഘടിപ്പിക്കുന്നു.
- ചിത്ര വായനയ്ക്ക് അവസരം നൽകുന്നു.
- വായനോത്സവം തുടരുന്നു.
- രചന ഉത്സവം തുടങ്ങുന്നു.

# ഗണിതം

**ലക്ഷ്യങ്ങൾ**

- ഒന്നു മുതൽ അഞ്ചുവരെയുള്ള സംഖ്യകൾ എണ്ണുന്നു, എഴുതുന്നു.
- അഞ്ചുവരെയുള്ള എണ്ണത്തെ പകുതി, തുല്യം, കൂടുതൽ, കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- ഒരക്ക സംഖ്യകൾ എണ്ണിയെടുക്കുന്നു, എഴുതുന്നു, വായിക്കുന്നു.
- സംഖ്യകളെ ആരോഹണ അവരോഹണ ക്രമത്തിൽ ആക്കുന്നു.
- രണ്ട് ഒരക്ക സംഖ്യകളുടെ വ്യവകലനം.
- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- ഒരക്ക സംഖ്യാ പാറ്റേൺ രൂപീകരിക്കുന്നു.

**പ്രവർത്തനം**

- സംഖ്യകൾ തിരിച്ചറിയുന്നു പറയുന്നു.
- സംഖ്യാ കാർഡ് നിർമ്മിക്കൽ.
- ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിത കിറ്റ് തയ്യാറാക്കുന്നു.
- സംഖ്യാ കാർഡ് തയ്യാറാക്കുന്നു.
- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു. കൂടുതൽ കുറവ് തിരിച്ചറിയുന്നു.
- ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- ഒരക്ക സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ.
- ഒരക്ക സംഖ്യകൾ ഉപയോഗിച്ച് വ്യവകലന, സങ്കലന ക്രിയകൾ ചെയ്യുന്നു.
- ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്.
- ഒറ്റ സംഖ്യ, ഇരട്ട സംഖ്യ എന്നിവ തിരിച്ചറിയൽ.

# English

**Objectives and learning outcomes**

* Respond to simple instructions in the classroom.

* Describe orally about the pictures and objects.

* Familiarise with the simple words.

* Enjoy songs and sings dumb with rhythm and action.

**Activity**

* Introduce symbol words

* Provides picture cards.

* Identify familiar words.

* Say familiar words.

* Read familiar words.

* Right familiar words.

* Enjoy songs and sings them with the rhythm and action.

* Read and write a symbol words and sentences.

* Text book activities.

* Prepare reading cards.

* Write five English words daily.

## ക്ലാസ് 2

## മലയാളം ഗണിതം, EVS

| | ലക്ഷ്യം | പ്രവർത്തനം. | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ പറയൽ എഴുതൽ. | കഥ വായിച്ച കൂട്ടുകാർക്ക് പറഞ്ഞുകൊടുക്കൽ, വായനക്കുറിപ്പ്. | ജൂൺ–മാർച്ച് | ക്ലാസ് ടീച്ചർ | കഥാ പുസ്തകം ലൈബ്രറി |
| 2 | ആശയ ഗ്രഹണ വായന. | പത്രവായന | ജൂൺ–മാർച്ച് | ടീച്ചർ കുട്ടികൾ | സന്നദ്ധ സംഘടനകൾ |
| 3 | എല്ലാ വ്യവഹാര രൂപങ്ങളും തെറ്റില്ലാതെ തയ്യാറാക്കൽ. | പഠന പ്രവർത്തനങ്ങൾ | ജൂൺ – മാർച്ച് | ടീച്ചർ കുട്ടികൾ | രക്ഷിതാവ് |
| 4 | കവിത പൂരണം | നിമിഷ കവിതകൾ | വിദ്യാരംഗം വെള്ളി | കുട്ടികൾ | ക്ലാസ് ടീച്ചർ |
| 5 | സ്വതന്ത്ര ലേഖനം, വായന. | ക്ലാസ് ലൈബ്രറി ഉപയോഗം | എല്ലാ ദിവസവും | മലയാളം അധ്യാപിക | മലയാളം ക്ലബ്ബ് |
| 6 | ബോധവൽക്കരണ ക്ലാസുകൾ | ലഹരി റോഡ് നിയമങ്ങൾ ശുചിത്വം, പകർച്ചവ്യാധി | ജൂൺ – മാർച്ച് | ക്ലാസ് ടീച്ചർ | പ്രമുഖർ |
| 7 | ഗണിതരൂപങ്ങൾ ആശയ വ്യക്തത വരൽ | മരംകൊണ്ടുള്ള രൂപങ്ങൾ ശേഖരണം. | ജൂൺ | ക്ലാസ് ടീച്ചർ | ക്ലാസ് ടീച്ചർ |
| 8 | സംഖ്യാബോധം ഉറപ്പിക്കൽ | ഗണിത കിറ്റ് തയ്യാറാക്കൽ. | ജൂലൈ | ടീച്ചർ PTA | സന്നദ്ധ സംഘടന |
| 9 | പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ | സ്കൂൾ സൊസൈറ്റി ഓണവിപണി. | ഓഗസ്റ്റ് | ടീച്ചർ PTA | സന്നദ്ധ സംഘടന |
| 10 | കൃഷി പ്രായോഗിക തല ത്തിൽ | പച്ചക്കറിത്തോട്ടം | സെപ്റ്റംബർ | PTA, MPTA | PTA,SMC |
| 11 | ഭക്ഷണം പാചകരീതി | സദ്യ ഒരുക്കാം ഭക്ഷ്യ മേള. | ഒക്ടോബർ | PTA, MPTA | SMC |
| 12 | വാഹനങ്ങൾ ശേഖരണം. | വാഹനപ്രദർശനം | നവംബർ | PTA, MPTA | SMC |

# ക്ലാസ് 3 മലയാളം

**ലക്ഷ്യങ്ങൾ**

പദ്ധതി ലക്ഷ്യങ്ങളെ മുൻ നിർത്തി എന്റെ കുട്ടികൾ എല്ലാവരും സംഘപ്രവർത്തനങ്ങളിലേർപ്പെട്ട് ജനാധിപത്യ മൂല്യങ്ങൾ സ്വാംശീകരിക്കും അവ ജീവിത സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കും

- കവിതകളും പാട്ടുകളും ആശയവ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും
- രചനകൾ ഭാവാത്മകമായി വായിക്കും.
- ആസ്വദിച്ച ഭാഷാ ഘടകങ്ങൾ (കഥ, കവിത, നാടൻ പാട്ട്, കടങ്കഥ) പുതിയവ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യും.
- ലഘുവായ സർഗാത്മക രചനകൾ നടത്തും. (കഥ, കവിത, ഡയറി, ചിത്രം).
- കഥകളെയും കവിതകളെയും മറ്റു നാടകം, പാവനാടകം, ചിത്രീകരണം, റിസോഴ്സ് തിയേറ്റർ തുടങ്ങിയ രീതികൾ ആവിഷ്കരിക്കും.
- ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്കരിക്കും (വിവരണം സംഭാഷണം)

**ഇതിനായി ഞാൻ എടുക്കുന്ന മുന്നൊരുക്കങ്ങൾ:-**

**ജൂൺ-ജൂലൈ**

1. **കനകച്ചിലങ്ക:-**

- നാടൻ പാട്ടുകൾ ശേഖരണം (വായ്ത്താരികൾ ഉള്ളത്)
- പഴഞ്ചൊല്ലുകൾ ശേഖരണം
- കഥാ ശേഖരണം - ക്ലാസ് ലൈബ്രറി നവീകരണം (നാട്ടുകഥകൾ)
- നാടൻ പാട്ടിലെയും കവിതയിലെയും താളം (കവിത ചൊല്ലൽ ശിൽപ്പശാല)
- കലോത്സവം (നാടൻ കഥകളുടെ അവതരണ ശില്പശാല)
- കടങ്കഥ ശേഖരണം, കടങ്കഥ പയറ്റ്, കടങ്കഥ പാട്ട്
- കലാകാരനെ പരിചയപ്പെടാം, അഭിമുഖ സംഭാഷണം
- ചിത്രശേഖരണം.

**ആഗസ്റ്റ്-സെപ്റ്റംബർ**

**2. പലഹാരപ്പൊതി**

- കുട്ടികൾ വരച്ച ചിത്രങ്ങളുള്ള പുസ്തകങ്ങൾ ക്ലാസ് ലൈബ്രറിയിൽ ഒരുക്കങ്ങൾ.
- നാടക ശില്പശാല .
- റോൾപ്ലേ അവതരണങ്ങൾ .
- ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരണം.
- പലഹാരമേള് - പാചകക്കുറിപ്പ് തയ്യാറാക്കൽ.
- കത്തുകൾ മാതൃകകൾ.
- ഹരിത കർമ്മ സേന അംഗങ്ങളുമായി അഭിമുഖം.
- സ്കൂൾ പത്രം.

**സി.പി.ടി.എ ഒന്നാം മികവുത്സവം**

- നാടോടി കഥകളുടെ അവതരണം
- നാടൻ പാട്ടുകളുടെ അവതരണം

**ഒക്ൾടോബർ:-**

- മനുഷ്യന്റെ കൈകൾ.
- കൃഷിയിടം സന്ദർശനം.
- കൃഷിപ്പാട്ടുകൾ, കൃഷി ചൊല്ലുകൾ അവതരണം.
- കുട്ടികളിൽ കുട്ടിക്കാലത്തെ കളി അനുഭവങ്ങൾ വിവരണം.
- നാടൻ പാട്ട് ശില്പശാല.

# ഗണിതം ക്ലാസ്സ് -3

**<u>ജൂൺ- ജൂലൈ</u>**

**യൂണിറ്റ്-1 രൂപങ്ങൾ വരയ്ക്കാം**

- ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയിൽ.
- ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തൽ.
- കളർ പേപ്പർ ഉപയോഗിച്ച് തോണി നിർമ്മാണം, തോരണം നിർമ്മാണം.
- വെജിറ്റബിൾ പ്രിൻറിംഗ്.
- ചതുരം ,വട്ടം, ത്രികോണം എന്നീ രൂപങ്ങൾ ചേർത്തുവച്ച് ഇഷ്ടമുള്ള രൂപങ്ങൾ കുട്ടികൾ നിർമ്മിക്കുന്നു.

**<u>ജൂലൈ -ഓഗസ്റ്റ്</u>**

**1 മുതൽ 100 വരെ എഴുതിയ ടോക്കൺ**

- കമ്പ് കെട്ടുകൾ
- സംഖ്യാ സ്ട്രിപ്പുകൾ
- അബാക്കസ് നിർമ്മാണം

**<u>ആഗസ്റ്റ് -സെപ്റ്റംബർ</u>**

പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണം

**<u>ഒക്ടോബർ</u>**

- സ്കെയിൽ നിർമ്മാണം
- കുട്ടികളുടെ ഉയരം, വണ്ണം, തൂക്കം, ക്യാമ്പ് സംഘടിപ്പിക്കൽ.

**<u>നവംബർ -ഡിസംബർ</u>**

ഗുണന വസ്തുത കാർഡ് നിർമ്മാണം

## E.V.S പരിസര പഠനം

**ലക്ഷ്യം-1**

* പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.

* ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക.

| SLNO | മാസം | പ്രവർത്തനം |
|---|---|---|
| 1 | ജൂൺ- ഒക്ടോബർ | പ്രകൃതി നടത്തം<br>• ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം.<br>• വിവിധ ആവാസവ്യവസ്ഥകൾ അടുത്തറിയാം.<br>• നമുക്ക് ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നം അനുഭവിച്ചറിയാം |
| 2 | ജൂൺ -മാർച്ച് | • പൂന്തോട്ടം പരിപാലിക്കാൻ<br>• * വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ |
| 3 | ജൂൺ -മാർച്ച് | ഒരു തൈ നടാം<br>• പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷതൈ നടീൽ, നട്ട വൃക്ഷത്തെ പരിപാലിക്കൽ.<br>• പോസ്റ്റർ നിർമ്മാണം.<br>• പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ, പരിസരങ്ങളിൽ പതിക്കൽ<br>ലക്ഷ്യം- കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുദ്ധവും ഉള്ളവരാക്കി മാറ്റുക |
| | ജൂൺ -മാർച്ച് | ദിന കൃത്യങ്ങൾ<br>• ഓരോ ദിവസവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു.<br>• കുട്ടികളെ ഗ്രൂപ്പുകൾ ആക്കി ഓരോ ദിവസത്തെയും പരിശോധന ചുമതല ഓരോ ഗ്രൂപ്പിനായി നൽകുന്നു. |
| | ജൂൺ -ഡിസംബർ | പരിസര നടത്തം<br>• നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം അടുത്തറിയാം. സർവ്വേ.<br>• മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്തുന്നു.<br>• പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ. |

| | | |
|---|---|---|
| | | <u>നല്ല ശീലം</u><br>• പോസ്റ്റർ തയ്യാറാക്കാം<br><u>ലക്ഷ്യം-3</u><br>ശാസ്ത്രീയ വിഷയങ്ങളിൽ താല്പര്യവും വളർത്തുക. |
| | ജനുവരി -മാർച്ച് | നമ്മുടെ ജൈവവൈവിധ്യത ഉദ്യാനത്തിൽ കുളം ചെടികൾ മരങ്ങൾ എന്നിവ നിരീക്ഷിക്കുന്നു കുറിപ്പ് തയാറാക്കുന്നു. |
| | ഡിസംബർ-ഫെബ്രുവരി | • പരീക്ഷണങ്ങൾ: ശാസ്ത്ര കൗതുകം വളർത്തുന്നു.<br>• പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. |
| | ഡിസംബർ-ഫെബ്രുവരി | ശാസ്ത്രജ്ഞനോടൊപ്പം<br><u>ക്യാമ്പ്</u><br>മികച്ച ശാസ്ത്ര അധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു. |
| | ജനുവരി- മാർച്ച് | <u>പക്ഷി നിരീക്ഷണം</u><br>പക്ഷി നിരീക്ഷണത്തിനുള്ള അവസരം. |

# Academic Master Plan English- Class III

**Aim:-** To speak, read and write English without any mistakes.

**Time :-** June to March .

**<u>Pre- Test</u>**

To check the vocabulary and writing skills and reading skills.

**<u>June and July</u>**

To develop listening skill and reading skills.

**Listening skill.**

- Games:- Action song, Hello English activities
- Conversation:-Skit, stories, use ICT.

**Speaking skills**

- Identify the naming word from the picture.
- Identify the action words from the same picture.
- Make simple sentences using the action word and naming words about the picture.
- Make a simple description about the picture.
- Growing sentences picture reading self-introduction assembly are also conducted
- Activities:- speech, book review, self-introduction.

**August and September**

- Develop the creative speaking and writing.

**October and November**

To Express through feeling etc .

**Reading skill**

- Newspaper reading, Reading book review
- Conversation, skit, stories use ICT material.
- Reading break news.
- Develop story.
- Read notice.

**Writing skills**

- Description
- Notice, proclamation
- Thought

**Reading skills**

- Newspaper reading, library book reading, book review.
- Find words.
- Collect and read rhyming words.
- Describing words.
- Spelling of words.
- Text book activities.

**Writing skills**

- Make word web.
- Picture description with describing words.
- Make word and sentence.
- Make riddles conversation.
- Add more lines.

**December and January**

- Develop the creative speaking and writing.
- To express through feeling etc.

**Reading skills**

- Newspaper reading.
- Conversation skit stories.
- Read Breaking news.
- Develop diary.
- Read letters from friends.

**Writing skills**

- Diary.
- Letters, announcement.

**February and March**

To improve the presentation power

**Reading skill**

- Newspaper reading, book review.
- Conversation.
- Read breaking news.

- Develop story.
- Reads diary.
- Read Letters from friends.

**Writing skill**

- Diary
- Letters, description, notice proclamation, thought

  Activities:-speech, quiz, riddle, classroom, post office, exhibition etc.

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## നാലാം ക്ലാസ്

**ലക്ഷ്യം:-** നാലാം ക്ലാസിലെ വിദ്യാർഥികൾക്ക് ഭാഷയിലും ഗണിതത്തിലും പരിസര പഠനത്തിലും സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക. ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക.

**പൊതു തത്വങ്ങൾ**

- കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമുള്ള പഠനം.
- സർഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം.
- സാങ്കേതിക വിദ്യയുടെ ഫലപ്രദമായ പഠനം.
- കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക.
- സാമൂഹികവും പരിസ്ഥിതികവുമായ അവബോധം വളർത്തൽ.

1. മധുര മലയാളം (ഭാഷാ പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഭാഷപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ടു കൊണ്ടു വരാൻ | ലക്ഷ്യം നേടുന്നത് വരെ | SRG, ക്ലാസ് ടീച്ചർ | PTA Fund |
| ആവശ്യമായ പഠനം സാമഗ്രികൾ ഒരുക്കൽ | | | | |
| വായിക്കാൻ വളരാം | വായനാ ശേഷി വളർത്തൽ | വർഷം മുഴുവൻ | HM,SRG ക്ലാസ് ടീച്ചർ | PTA |
| ക്ലാസ് വായന ക്ലാസ് ലൈബ്രറി ഒരുക്കൽ പുസ്തക പരിചയം. | | | | PTA |
| വായന കുറിപ്പ് ആസ്വാദനക്കുറിപ്പ് | | | CPTA | |

| | | | | |
|---|---|---|---|---|
| പുസ്തക സംവാദം | | | | |
| എഴുതാം തെളിയാം | എഴുത്ത് പരിപോഷിപ്പിക്കൽ | പ്രതിമാസം (വർഷംമുഴുവൻ) | SRG ക്ലാസ് ടീച്ചർ | PTA |
| എഴുത്തുകാരുമായ സംവദിക്കൽ | ലേഖനശേഷി വർദ്ധിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| രുചിച്ചറിയാം | നമ്മുടെ പ്രാചീന ഭക്ഷണങ്ങൾ പരിചയപ്പെടൽ | വർഷത്തിനൊന്ന് | SRG, ക്ലാസ് ടീച്ചർ | PTA |
| കലക്കൂട്ട് | പഠന ഭാഗവുമായി ബന്ധപ്പെട്ട കഥകൾ നേരിട്ടറയിൽ | വർഷത്തിന് ഒന്ന് | HM,SRG,CPTA, ക്ലാസ് ടീച്ചർ | PTA |
| കുട്ടികളുടെ സർഗശേഷികളുടെ പ്രദർശനം | | | HM | |

# ENGLISH

## 2. വിരിയുന്ന ചിന്തകൾ

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് അസംബ്ലി | ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനും ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ട് ദിവസം | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് ഡയറി | തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | ആഴ്ചയിൽ മൂന്നുദിവസം | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് തീയറ്റർ | സർഗാത്മകതാ പരിപോഷണം | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | SMC |
| ഇംഗ്ലീഷ് കയ്യെഴുത്ത് | ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ് | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | PTA |
| ഇംഗ്ലീഷ് കോർണർ | വായനാ പരിഷ്പോഷണം | മാസത്തിൽ രണ്ട് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |

# ഗണിതം

## 3-കളിക്കാം ഗണിക്കാം

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ നടപ്പാക്കൽ | ചതുഷ്ക്രിയകൾ ലളിതമാക്കൾ | വർഷം മുഴുവൻ | SRG, ക്ലാസ് ടീച്ചർ | |
| ഒറിഗാമിയിലൂടെ പഠിക്കാം | ഗണിതശാസ്ത്ര പഠനം രസകരമാക്കൽ കര ചലനശേഷി വികാസം | വർഷത്തിലൊരിക്കൽ | SRG, ക്ലാസ് ടീച്ചർ | |
| ഗണിത ലാബ് | ഗണിത പഠനം സുതാര്യമാക്കൽ ഗണിത ലാബ് ഉപയോഗപ്പെടുത്താൻ | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ഗണിതച്ചുമർ | ഗണിത രൂപങ്ങളുടെ പ്രയോഗിക മൂലം തിരിച്ചറിയൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| ഗണിത പഠനോപകരണ ശില്പശാല | പഠനോപകരണങ്ങളിലൂ ടെ ഗണിത പഠനം രസകരമാക്കാൻ | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ | PTA |
| പ്രവർത്തനം പഠനഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം, പ്രദർശനം | | | | |
| ഗണിത മേള | ഗണിത ശേഷികളുടെ പ്രകടനം | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ | PTA |
| പ്രവർത്തനം പ്രശ്നോത്തരി പസിൽ, പാറ്റേൺ, പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം | | | | |

# <u>പരിസര പഠനം</u>

**4. അറിയാം അടുത്തറിയാം**

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതി നടത്തം | നിരീക്ഷണം,അറിവ് നിർമ്മാണം | ആവശ്യാനുസരണം | HM,CPTA | PTA |
| പഠനഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | | | | |
| ശാസ്ത്ര മൂല | ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | വർഷം മുഴുവൻ | HM,SRG, ക്ലാസ് ടീച്ചർ | PTA,SSA |
| ശാസ്ത്ര യാത്ര | ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ, അന്വേഷണത്വര വളർത്തൽ | ആവശ്യാനുസരണം | HM,SRG,CPTA, ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ, PTA |
| ഭൂപടമൊരുക്കാം | ഭൂപടവായന, ഭൂപട രചന, സൂചികാ പരിചയപ്പെടൽ സൂചികാ നിർമ്മാണം, കളങ്ങൾ | വർഷത്തിൽ ഒന്ന് | SRG, ക്ലാസ്ടീച്ചർ | PTA |
| ശാസ്ത്രോത്സവം | ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | വർഷത്തിലൊരിക്കൽ | HM,SRG, ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര മാസിക | അറിവുകളുടെ രചന | വർഷത്തിലൊന്ന് | HM,SRG, ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര പഠനത്തിലൂടെ | | | | |

| | | | | |
|---|---|---|---|---|
| നേടിയ ശാസ്ത്ര മാസികകളുടെ നിർമ്മാണം ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | | | | |

# UP SOCIAL SCIENCE

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയവും ലളിതവും ആക്കുക | സാമൂഹ്യശാസ്ത്ര ലാബ് ക്രമീകരിക്കൽ | വർഷത്തിൽ ഒരുതവണ | സാമൂഹ്യശാസ്ത്ര ക്ലബ് | പിടിഎ |
| പ്രത്യക്ഷ അനുഭവത്തിലൂടെ പാഠ്യവസ്തുതകൾ ഗ്രഹിക്കുന്നതിന് | പഠനയാത്രകൾ | വർഷത്തിൽ ഒരു തവണ | എസ് ആർ ജി | സോഷ്യൽ സയൻസ് ക്ലബ് |
| ആനുകാലിക വിഷയങ്ങളെക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയുവാനും പ്രശ്നപരിഹരണം നടത്തുന്നതിനും | സ്കൂളിൽ പത്ര വായനയ്ക്ക് അവസരം നൽകുന്നു ക്ലാസ്സിൽ സെമിനാർ, സംവാദം തുടങ്ങിയവ സംഘടിപ്പിക്കുന്നു | ജൂൺ-മാർച്ച് | എസ് ആർ ജി സാമൂഹ്യശാസ്ത്ര അധ്യാപകൻ | സോഷ്യൽ സയൻസ് ക്ലബ് |
| ജനാധിപത്യമൂലം വളർത്തിയെടുക്കൽ | സ്കൂൾ പാർലമെൻറ് തിരഞ്ഞെടുപ്പ് സംഘടിപ്പിച്ച സ്കൂൾ പാർലമെൻറ് രൂപീകരിക്കുന്നു | വർഷത്തിൽ ഒന്ന് | എസ് ആർ ജി സാമൂഹ്യശാസ്ത്ര ക്ലബ് | പി ടി എ |
| സാമൂഹ്യശാസ്ത്ര വിഷയങ്ങൾ ആഴത്തിൽ അറിയുന്നതിന് | അധിക വായനയ്ക്കു ഉതകുന്ന പുസ്തകങ്ങൾ വായിക്കാൻ സ്കൂൾ ലൈബ്രറിയിൽ | ജൂൺ - മാർച്ച് | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ്, സ്കൂൾ ലൈബ്രറി | സ്കൂൾ ലൈബ്രറി |

| | | | | |
|---|---|---|---|---|
| | അവസരം നൽകുന്നു | | | |
| സാമൂഹ്യശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | എല്ലാദിവസവും ക്ലാസ് മുറികളിൽ വർത്തമാന പത്രങ്ങൾ ലഭ്യമാക്കുകയും വായിക്കാൻ അവസരം നൽകുകയും ചെയ്യുന്നു ദിനാചരണ ങ്ങൾ സംഘടിപ്പിക്കുന്നു | ജൂൺ - മാർച്ച് | സാമൂഹ്യശാസ്ത്ര ക്ലബ് | വിവിധ സന്നദ്ധ സംഘടനകൾ |
| ബോധവൽക്കരണം | ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ | ജൂൺ - മാർച്ച് | എല്ലാ അധ്യാപകരും, എസ് എസ് എസ് എസ് ക്ലബ് | പിടിഎ എസ് എസ് എസ് എസ് ക്ലബ് |
| ദിനാചാരങ്ങളുടെ ബന്ധപ്പെടുത്തി അറിവ് സമ്പാദനം | സോഷ്യൽ സയൻസ് ക്വിസ് | എല്ലാ ദിനാചരണങ്ങളിലും | എസ് ആർ ജി സാമൂഹ്യശാസ്ത്ര അധ്യാപകർ | സോഷ്യൽ സയൻസ് ക്ലബ് |

# UP BASIC SCIENCE

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം നിർമ്മാണത്തിലൂടെ പ്രകൃതിയുമായി ഇണങ്ങി ജീവിക്കാൻ അവസരം | പരിസ്ഥിതി സംരക്ഷണം | ജൂൺ - മാർച്ച് | SRG, ശാസ്ത്ര അധ്യാപകർ പരിസ്ഥിതി ക്ലബ് | പിടിഎ |
| ശാസ്ത്രീയ അറിവുകൾ ആർജിക്കാൻ അവസരം | ദിനാചരണങ്ങൾ | ജൂൺ - മാർച്ച് | SRG, ശാസ്ത്ര അധ്യാപകർ | ശാസ്ത്ര ക്ലബ് |
| പ്രക്രിയ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | • ആധുനിക ശാസ്ത്ര ലോകത്തിൻറെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു.<br>• ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു.<br>• കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി കുട്ടികൾക്ക് ശാസ്ത്ര മാസികകൾ വായിക്കാൻ അവസരം നൽകുന്നു | ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച് | SRG, ശാസ്ത്ര അധ്യാപകർ, വിവിധ ക്ലബ്ബുകൾ<br>ശാസ്ത്ര അധ്യാപകർ<br>ശാസ്ത്ര അധ്യാപകർ | പി ടി എ<br>ശാസ്ത്ര ക്ലബ്<br>ലൈബ്രറി |

| | | | | |
|---|---|---|---|---|
| ദിനാചരണങ്ങളോട് ബന്ധപ്പെടുത്തി അറിവ് സമ്പാദനം | സയൻസ് ക്വിസ് | എല്ലാ ദിനാചരണ ങ്ങളിലും | SRG, ശാസ്ത്ര അധ്യാപകർ | ശാസ്ത്ര ക്ലബ് |
| ബോധവൽക്കരണം | ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ | ജൂൺ - മാർച്ച് | എല്ലാ അധ്യാപകരും, ഹെൽത്ത് SSSS ക്ലബ് | പിടിഎ |
| കാര്യങ്ങൾ നേരിട്ട് കണ്ട് മനസ്സിലാക്കുക | പ്രകൃതി നടത്തം, ഫീൽഡ് ട്രിപ്പ് (പാഠഭാഗവുമായി ബന്ധപ്പെട്ട്) | പഠനവുമായി ബന്ധപ്പെട്ട് | ശാസ്ത്ര അധ്യാപകർ പരിസ്ഥിതി ക്ലബ് | ശാസ്ത്ര ക്ലബ് |
| ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | എല്ലാദിവസവും ക്ലാസ് മുറികളിൽ വർത്തമാനപത്രങ്ങൾ ലഭ്യമാക്കുകയും വായിക്കാൻ അവസരം നൽകുകയും ചെയ്യുന്നു പ്രധാന ശാസ്ത്ര വാർത്തകൾ ക്ലാസിൽ ചർച്ച ചെയ്യുന്നു. | ജൂൺ - മാർച്ച് | ശാസ്ത്ര അധ്യാപകർ | വിവിധ സന്നദ്ധ സംഘടന കൾ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു. | അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. ഗുണനപ്പട്ടിക ഉറപ്പാക്കുന്നു. | ജൂൺ–ജൂലൈ | ഗണിത അധ്യാപകർ | |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു. | പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗ നിർദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ജൂൺ–മാർച്ച് | ഗണിത അധ്യാപകർ | |
| രസകരമായ ഗണിതശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | ഒറിഗാമി ശിൽപ്പശാലയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ. | ആഗസ്റ്റ് -നവംബർ | ഗണിത അധ്യാപകർ | |
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ, ഉറപ്പാക്കൽ. | • പാഠഭാഗങ്ങളിൽ ആഴത്തിലുള്ള പഠനം സാധ്യമാക്കുന്ന തരത്തിലുള്ള അധിക പ്രവർത്തനങ്ങൾ (അസൈൻമെൻറ് | ജൂൺ–മാർച്ച് | ഗണിത അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | സെമിനാർ) ഇവ കുട്ടികൾ ചെയ്യുന്നു.<br>• ക്വിസ് മത്സരങ്ങൾ നടത്തുന്നു. | | | |
| ഗണിതത്തിലുള്ള കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കുക | ഗണിത മാസിക | ജനുവരി | ഗണിത അധ്യാപകർ | |
| ഗണിതത്തോടുള്ള കുട്ടികളുടെ പേടി മാറ്റുക. | ഗണിത അസംബ്ലി | നവംബർ | ഗണിത അധ്യാപകർ | |
| | മാത്സ് എക്സിബിഷൻ | ഫെബ്രുവരി | ഗണിത അധ്യാപകർ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ – മലയാളം UP

| SL No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ഭൗതികം | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 1. | എല്ലാ കുട്ടികൾക്കും മലയാളം നന്നായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം | അക്ഷരം ഉറപ്പിക്കൽ അടയാളം ഉറപ്പിക്കൽ വാക്കുകൾ നിർമ്മിക്കുക | 2 മാസം | മലയാളം അദ്ധ്യാപകൻ | മലയാളം ക്ലബ്ബ് | പി.ടി.എ |
| 2. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രത്യേക ക്ളാസ്സുകൾ | 6 മാസം | മലയാളം അദ്ധ്യാപകൻ | വിദ്യാരംഗം | ലൈബ്രറി |
| 3. | എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക | പത്ര വായന ക്ലാസ്സ് ലൈബ്രറി സ്കൂൾ ലൈബ്രറി പുസ്തക ചർച്ച വായനാനുഭവം വായനോത്സവം | 1 വർഷം | മലയാളം അദ്ധ്യാപകൻ | വിദ്യാരംഗം | ലൈബ്രറി |
| 4. | പഠിതാവിൽ അർത്ഥപൂർണമായ വായന ഉറപ്പുവരുത്തുക | പത്രം ,ആഴ്ചപ്പതിപ്പ് മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണ ശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യൽ | എല്ലാ ദിവസവും | മലയാളം അദ്ധ്യാപകൻ | വിദ്യാരംഗം | ലൈബ്രറി |
| 5. | പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട ലഘു നാടകങ്ങൾ , രംഗാവിഷ്കാരം ,ബഷീർ ദിനം പോലുള്ള ദിനാചരണങ്ങളിൽ അവതരണത്തിന് അവസരം നൽകുന്നു | 6 മാസം | മലയാളം അദ്ധ്യാപകൻ | മലയാളം ക്ലബ്ബ് | പി.ടി.എ |

## UP ENGLISH

**Teacher Name: Fousiya P. A.**

| AIM | ACTIVITIES | TIME |
|---|---|---|
| ❖ Develop strong foundational skills in reading, writing and listening<br>❖ Foster a love for reading | ❖ Special classes for weaker students in reading and writing<br>❖ Peer group teaching and listening. Posters and placard making related to world environment day. Present the lines of famous authors on reading day<br>❖ Set reading corners in each class. | June – March<br><br>June – July |
| ❖ To enhance speaking and presentation skills in English | ❖ Skit, role plays based on stories from the text book<br>❖ Conducting English assembly<br>❖ Making children anchors on special days<br>❖ A variety of engaging activities such as English songs, role plays, tongue twister etc. will be used<br>❖ Documentation of selected activities conducted in class | June – March<br><br>August<br>August – March<br><br>June to March |
| ❖ To enhance listening skills | ❖ Plays recorded stories and ask questions based on the audio<br>❖ Give students interactions in English | June – March |
| ❖ Foster creative writing skills in English | ❖ Exhibits sign boards, posters, notices etc. in school premises or in classrooms<br>❖ Class magazines | December |

# മേഖല – ഹൈസ്കൂൾ – ഇംഗ്ലീഷ്

**അധ്യാപികയുടെപേര്: നിഷ എം. ജി.**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക | English Assembly, Spoken English class, Classrooom communication English Library നവീകരണം | അവധിക്കാലം ശനിയാഴ്ചകൾ ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ | അദ്ധ്യാപകർ | PTA |
| 2. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക, സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | അക്ഷര കാർഡ്, പദ കാർഡ്, School English voice വാക്യ നിർമ്മാണത്തിനുള്ള കാർഡുകൾ | ക്ലാസ്സ് പ്രവർത്തനങ്ങളോടൊപ്പം | അദ്ധ്യാപകർ SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| 3. നാടകീകരണം | Skit, English Assembly, Puppet Show, English lab, Role paly | ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ | അദ്ധ്യാപകർ SRG | PTA |
| 4. ഇംഗ്ലീഷിലുള്ള ആവിഷ്കരങ്ങൾക്ക് അവസരം ഒരുക്കുക | Role paly, English ദിനാചരണം, സെമിനാർ, ചർച്ച, പ്രശസ്ത കവികളുടെ കവിതകൾ കോറിയോഗ്രാഫി തയ്യാറാക്കി ദൃശ്യാവിഷ്കാരം നടത്തുന്നു | ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ | അദ്ധ്യാപകർ SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| 5. കവിതാലാപനത്തിനും കവിത രചനയ്ക്കും പ്രാപ്തരാക്കുക | ഇംഗ്ലീഷിലുള്ള കവിതകൾ കേൾപ്പിക്കുന്നു. കവിതാരചന, ആലാപന മത്സരങ്ങൾ നടത്തുന്നു. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. Book Reviews | ക്ലാസ്സ് പ്രവർത്തനങ്ങൾ വർഷത്തിൽ ര ു പ്രാവശ്യം | ഇംഗ്ലീഷ് അദ്ധ്യാപകൻ | SRG |
| 6. വിവരവിനിമയ സാങ്കേതിക വിദ്യാ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക | പ്രശസ്ത വ്യക്തികളുമായി interview, വീഡിയോ കോൺഫറൻസിങ്ങ് വഴി നടത്തുന്നു. English filmsകാണുവാനുള്ള അവസരം, English fest, Digital magazine തയ്യാറാക്കൽ | ശനിയാഴ്ചകൾ വെക്കേഷൻ Once in a year | അദ്ധ്യാപകർ ഇംഗ്ലീഷ് ക്ലബ്ബ് | SRG |

| മേഖല – ഹൈസ്കൂൾ – സാമൂഹ്യ ശാസ്ത്രം<br>അധ്യാപിക: സുലേഖ പി. | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| 1. പഠിതാക്കളെ ചരിത്രാവ ബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി ഉള്ളവരാക്കുക<br><br>ജനാധിപത്യം | <u>**കാടും മേടും –**</u> ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br><br>വയൽ കിളികൾ - സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകളില്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠനമുറികൾ, ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു. നിശ്ചിത തീയതികളിൽ | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | |
| 2. ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക<br><br>സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷനിരീക്ഷണം നടത്തുക | ഒന്നായി നമ്മൾ - സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം, സാമൂഹ്യസേവനം ഇവയുക്കുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | വർഷം മുഴുവൻ<br><br>വർഷം മുഴുവൻ | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | സ്കൂൾ കുട്ടികൾ സുമനസ്സുകൾ<br><br>പിറ്റിഎ, മാനേജ്മെന്റ് |
| 3. മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മകത പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക<br><br>ഭൂപടവായന കുട്ടികളിൽ വളർത്തുക. സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക | സ്റ്റാർട്ട് അപ്പ് – സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു.<br><br>ചരിത്രമുറങ്ങുന്ന മണ്ണിലൂടെ – | അക്കാദമിക വർഷം<br><br>വർഷം മുഴുവൻ | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | പിറ്റിഎ, മാനേജ്മെന്റ് |
| 4. കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതുകുന്ന പൊതുവിജ്ഞാനം വളർത്തുക | സർവ്വേ പ്രോജക്ട്, ചർച്ചകൾ, സംവാദങ്ങൾ, ക്ലാസ്സുകൾ അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തന | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | |

| | | | | |
|---|---|---|---|---|
| 5. വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും ജലാശയങ്ങളെക്കുറിച്ചും കാറ്റുകൾ സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം | ങ്ങൾ നടത്തുന്നു.<br><br>പട്ടുപാതയിലൂടെ – ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപടവായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു. അറ്റ്ലസ് മാപ്പ്, മാപ്പ്, ഗ്ലോബ്ബ് എന്നിവ പരിചിതമാക്കുന്നു.<br><br>മൈ സിനിമ ക്രം – സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവി ജ്ഞാനമേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശോനോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക. വീഡിയോ പ്രദർശനം പ്രോജക്ട് റൂം ചരിത്രസിനിമ പ്രദർശനം<br><br>ചരിത്രകൊട്ടാരം – വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്രമാപ്പുകളിലൂടെ ക്രമീകരണം ക ും കേട്ടും തൊട്ടറിഞ്ഞും പഠനം ഹരമായി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ- മലയാളം H S

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ഭൗതികം | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ | അക്ഷരം ഉറപ്പിക്കൽ<br>അടയാളം ഉറപ്പിക്കൽ<br>വാക്കുകൾ നിർമ്മിക്കുക<br>വാക്യങ്ങൾ നിർമ്മിക്കുക.<br>ചിത്രം–കഥ എഴുതൽ | 2 മാസം | മലയാളം അദ്ധ്യാപകൻ | മലയാളം ക്ലബ്ബ് | പി.ടി.എ |
| 2. | കുട്ടിയെ മികച്ച വായനക്കാരനാക്കുക | പത്ര വായന<br>ക്ലാസ്സ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>പുസ്തക ചർച്ച<br>വായനാനുഭവം<br>ദിനാചരണങ്ങൾ<br>വായനോത്സവം | 6 മാസം | മലയാളം അദ്ധ്യാപകൻ | വിദ്യാരംഗം | ലൈബ്രറി |
| 3. | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | എഴുത്തുകൂട്ട രൂപീകരണം<br>പുസ്തക ചർച്ച<br>വായന കുറിപ്പ്<br>വ്യക്തിഗത രചന<br>സംഘ രചന<br>ഭാഷ പ്രോജക്ട് | 1 വർഷം | മലയാളം അദ്ധ്യാപകൻ | വിദ്യാരംഗം | ലൈബ്രറി |
| 4. | പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട ലഘു നാടകങ്ങൾ , രംഗാവിഷ്കാരം ,<br>ബഷീർ ദിനം പോലുള്ള ദിനാചരണങ്ങളിൽ അവതരണത്തിന് അവസരം നൽകുന്നു | 6 മാസം | മലയാളം അദ്ധ്യാപകൻ | വിദ്യാരംഗം | ലൈബ്രറി |

# മേഖല : അക്കാദമികം ഉപമേഖല : ഹിന്ദി ഭാഷ ക്ലാസ് തലം

| നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ്സ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1 | കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രീ ടെസ്റ്റ് നടത്തുന്നു. | ജൂൺ ആദ്യ വാരം | 5,6,7, 8,9,10 | ഹിന്ദി അധ്യാപകർ | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയവിനിമയം നടത്താനുമുള്ള ശേഷി വർധിപ്പിക്കൽ. CWSN,,SLOW LEARNERS കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ |
| 2 | കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാവുന്ന , ഭാഷാപോഷിണി പ്രവർത്തനങ്ങൾ . പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു.CWSN,SLOW LEARNER കുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനെയും മാനസികാവസ്ഥയും കണക്കിലെടുത്തുകൊണ്ട് നടത്താവുന്ന പ്രവർത്തനപാക്കേജ്. | ജൂൺരണ്ടാം വാരം | 5,6,7, 8,9,10 | ഹിന്ദി അധ്യാപകർ, മറ്റു ഭാഷാധ്യാപകർ | |
| 3 | ഓരോ ക്ലാസ്സിലും ദിവസവും ഹിന്ദി വായിപ്പിക്കുക, ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക., ഹിന്ദിയിൽ എണ്ണം,ആഴ്ച,മാസം , എന്നിവയുടെ ദൈനംദിന അവതരണം | പ്രതിദിനം | 5,6,7, 8,9,10 | ഹിന്ദി അധ്യാപകർ | |
| 4 | CWSN,SLOW LEARNERS കുട്ടികൾക്കായി പ്രത്യേകം പസിലുകൾ, ഐസിടി മുഖാന്തിരം പലവർണ്ണങ്ങളിൽ ആകർഷകമായി അക്ഷരമാല അവതരണം | ആഴ്ചയിൽ ഒരു പ്രാവശ്യം | 5,6,7, 8,9,10 | ഹിന്ദി അധ്യാപകർ | |
| 5 | ഹിന്ദിയിലുള്ള ഡയറിക്കുറിപ്പുകൾ, ജീവനികൾ, ആത്മകഥകൾ, കവിതകൾ, കഥകൾ എന്നിവ വായിപ്പിക്കുക. | ആഴ്ചയിൽ ഒരു പ്രാവശ്യം | 5,6,7, 8,9,10 | ഹിന്ദി അധ്യാപകർ | |
| 6 | ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക, ഹിന്ദി അസംബ്ലി നടത്തുക. | ദിനാചരണവുമായി ബന്ധപ്പെട്ട് | 5,6,7, 8,9,10 | ഹിന്ദി അധ്യാപകർ | |
| 7 | കുട്ടികളെക്കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക. | ജനുവരി | 5,6,7, 8,9,10 | ഹിന്ദി അധ്യാപകർ | |

## മേഖല - ഹൈസ്കൂൾ - സയൻസ്

അധ്യാപിക: നീതു എം. റ്റി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. നിരീക്ഷണ പാടവം, ശാസ്ത്രവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ നടത്തുന്നതിനും അതിന്റെ ശാസ്ത്രീയവശങ്ങൾ കണ്ടെത്തുന്നതിനുമുള്ള അക കഴിവ് പരിപോഷിപ്പിക്കുക. | ❖ ലഘുപരീക്ഷണങ്ങൾ കുട്ടികളുടെ സഹപാഠികൾക്ക് മുന്നിൽ കാണിച്ചു കൊടുക്കുവാൻ ഉള്ള അവസരം നൽകുന്നു.<br>❖ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം<br>❖ ദിനാചരണങ്ങൾ | അക്കാദമിക വർഷം | സയൻസ് അധ്യാപകൻ SRG | സയൻസ് ലാബ് സയൻസ് ക്ലബ്ബ് |
| 2. നിരന്തരമായി ശാസ്ത്രവുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുമുള്ള ശേഷി നേടുകയും ചെയ്യുന്നു. | ❖ കുട്ടികൾ കണ്ടെത്തിയ വിവരങ്ങൾ ക്രോഡീകരിച്ച് ക്ലാസ്സിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.<br>❖ കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ സ്കൂൾ തലത്തിൽ പ്രദർശിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകൻ | സയൻസ് ക്ലബ്ബ് PTA |
| 3. മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക | ❖ ക്ലാസ്സുകൾ ശാസ്ത്ര ലൈബ്രറി ശാസ്ത്ര മാസിക പ്രസിദ്ധീകരണം | അക്കാദമിക വർഷം | സയൻസ് അധ്യാപകൻ | PTA |
| 4. പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | ❖ സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ്<br>❖ തണൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ | അക്കാദമിക വർഷം | സയൻസ് അധ്യാപകൻ SRG | സയൻസ് ക്ലബ്ബ് PTA രക്ഷിതാക്കൾ |

| | | | | |
|---|---|---|---|---|
| 5. നേരറിവ് നേടൽ | ❖ ഔഷധത്തോട്ടവും പച്ചക്കറിത്തോട്ടവും നിർമ്മിക്കൽ<br>❖ ഔഷധചെടിയുടെ ഇലശേഖരണം<br>❖ പുതുപത്തൻ സാങ്കേതികവിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുത്തുന്നു.<br>❖ വിവിധ തലങ്ങളിലുള്ള ക്വിസ്, സെമിനാർ പ്രോജക്ട് മുതലായവയിൽ പങ്കെടുപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകൻ | PTA |

# ഗണിതം – ഹൈസ്കൂൾ വിഭാഗം

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ളാസ് | കാലദൈർഘ്യം | ചുമതല |
|---|---|---|---|---|---|
| 1 | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി വേണ്ട മാർഗനിർദ്ദേശങ്ങളും അടിസ്ഥാന ഗണിതാശയങ്ങൾക്ക് പ്രാധാന്യം നൽകുന്ന ക്ളാസുകളും വർക്ക്ഷീറ്റുകളും നൽകുന്നു | 8,9,10 | ജൂൺ | അദ്ധ്യാപകൻ,ഗണിതത്തിൽ സമർഥരായ കുട്ടികൾ |
| 2 | ഗണിതത്തോടുള്ള താത്പര്യം വർധിപ്പിക്കുന്നു.ഗണിതശാസ്ത്ര മേളയിൽ പങ്കെടുക്കാൻ കുട്ടികളെ സന്നദ്ധരാക്കുന്നു . | പസിലുകൾ, ഗയിമുൾ,കുസൃതിക്കണക്കുകൾ ഗണിതഗാനങ്ങൾ ഇവ അവതരിപ്പിക്കുന്നതിന് അവസരം നൽകുന്നു.ഗണിത ക്വിസ് നടത്തുന്നു . നമ്പർ ചാർട്ട് അവതരണം ജാമിതീയ ചാർട്ട് അവതരണം | 8,9,10 | ഓഗസ്റ്റ് സെപ്റ്റംബർ | ഗണിതഅദ്ധ്യാപകൻ,ഗണിത ക്ളബ് |
| 3 | ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തുന്നു | പാഠഭാഗങ്ങളുടെ വിശദീകരണത്തോടൊപ്പം അവയെ നിത്യജീവിതവുമായി ബന്ധപ്പെടുത്തി അവതരിപ്പിക്കുന്നു | 8,9,10 | ദീർഘകാലം | ഗണിതഅദ്ധ്യാപകൻ |
| 4 | ഗണിതത്തിലെ ICT സാധ്യത | ജിയോജിബ്ര പരിശീലനം. ICT സഹായത്തോടെ ഗണിതപഠനം നടത്തുന്നതിലൂടെ പാഠഭാഗങ്ങൾ നന്നായി ഗ്രഹിക്കാൻ സാധിക്കുന്നു. | 8,9,10 | ദീർഘകാലം | ഗണിതഅദ്ധ്യാപകൻ |
| 5 | വിവിധശേഷികളുടെ വികസനം | അക്കാദമിക വർഷത്തിൽ ഗണിതവുമായി ബന്ധപ്പെട്ട ദിവസങ്ങളിൽ പ്രത്യേക അസംബ്ളി നടത്തുന്നു | 8,9,10 | ദീർഘകാലം | ഗണിതഅദ്ധ്യാപകൻ,ഗണിത ക്ളബ് |

# ഉപസംഹാരം

മാതിരപ്പള്ളി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ് കുട്ടിയുടെ സർവ്വതോന്മുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത് ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർപ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്.